Draft #55 of File 17152/ADA1 SO/2020/AD A1 Approved by ASSISTANT REGISTRAR I (ADMIN) on 31-May-2021 07:20 PM - Page 1

15 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY, KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 17152/ADA1 SO/2020/എ ഡി എ 1 തീയതി: 31.05.2021

## സർക്കുലർ

വിഷയം:- കോവിഡ് 19 - നിർവ്യാപനം - 'ലോക്ക് ഡൗൺ' കാലയളവ് ദീർഘിപ്പിക്കൽ - സർവ്വകലാശാല പ്രവർത്തനങ്ങളുടെ ക്രമീകരണങ്ങൾ - സംബന്ധിച്ച്.

സൂചന :- 1. 07.05.2021 തീയതിയിലെ 2349/AD A1/2021/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവ്
2. 19.05.2021 തീയതിയിലെ 17152/AD A1SO/2021/AD A1 നമ്പർ സർവ്വകലാശാല പരിപത്രം.
3. 25.05.2021 തീയതിയിലെ 17152/AD A1SO/2021/AD A1 നമ്പർ സർവ്വകലാശാല പരിപത്രം.
4. കേരള സർക്കാർ ഡിസാസ്റ്റർ മാനേജ്മെൻറ് (എ) ഡിപ്പാർട്ട്മെൻറിൻറെ 29.05.2021 തീയതിയിലെ G.O.(Rt)No.444/2021/DMD നമ്പർ ഉത്തരവ്.

------

കോവിഡ്-19 രോഗ വ്യാപനം തീവ്രമായ സാഹചര്യത്തിൽ, രോഗ നിർവ്യാപനത്തിൻറെ ഭാഗമായി, 2021 മെയ് 08 മുതൽ സംസ്ഥാനത്ത് തുടരുന്ന ലോക്ക്ഡൗൺ, മൂന്നാം ഘട്ടത്തിൽ മെയ് 30 വരെ നീട്ടിയതിൻറെ അടിസ്ഥാനത്തിൽ, സർവ്വകലാശാലയിലെ ഓഫീസ് പ്രവർത്തനങ്ങൾ ക്രമീകരിച്ചുകൊണ്ട് സൂചന (3) പ്രകാരം പരിപത്രം പുറപ്പെടുവിച്ചിരുന്നു.

എന്നാൽ, കോവിഡ് 19 രോഗവ്യാപനം രൂക്ഷമായി തന്നെ തുടരുന്ന സാഹചര്യത്തിൽ, നിലവിൽ മെയ് 24 മുതൽ മെയ് 30 വരെ പ്രഖ്യാപിച്ചിരുന്ന മൂന്നാം ഘട്ട ലോക്ക്ഡൗൺ, 2021 മെയ് 31 മുതൽ ജൂൺ 09 വരെ നീട്ടിക്കൊണ്ട് സൂചന (4) പ്രകാരം സർക്കാർ ഉത്തരവായിരിക്കുന്നു. ആയതിൻറെ അടിസ്ഥാനത്തിൽ, സൂചന (1), (2), (3) പ്രകാരം സർവ്വകലാശാലയിൽ നടപ്പിലാക്കിയിരുന്ന ക്രമീകരണങ്ങൾ ജൂൺ 9 വരെ തുടരുന്നതിന് വൈസ് ചാൻസലർ അംഗീകാരം നൽകിയിരിക്കുന്നു.

കൂടാതെ, സർവകലാശാലയിലെ അവശ്യ സർവീസ് വിഭാഗത്തിൽ പെടുന്ന ജീവനക്കാരെ അത്യാവശ്യമെങ്കിൽ ജോലിക്ക് നിയോഗിക്കുന്നതിന് ബ്രാഞ്ച് ഓഫീസർമാരെ ചുമതലപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ഇപ്രകാരം നിയോഗിച്ചിരിക്കുന്ന ജീവനക്കാർ ജോലികൾ യഥാസമയം പൂർത്തിയാക്കുന്നുണ്ടെന്ന് അതാത് ബ്രാഞ്ച് ഓഫീസർമാർ പരിശോധിക്കേണ്ടതാണ്.

ഒപ്പ്

**രമേഷ് ആർ**
അസിസ്റ്റൻ്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്

1. സെക്ഷനുകൾ/ സർവ്വകലാശാല പഠനവിഭാഗങ്ങൾ
2. വൈസ് ചാൻസലർ/ പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എമാർ
4. പി.ആർ.ഒ./ സെക്യൂരിറ്റി ഓഫീസർ/എസ്റ്റേറ്റ് ഓഫീസർ
5. കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ
6. റെക്കോർഡ്സ്/ സ്റ്റോക്ക് ഫയൽ/ ഡേ ഫയൽ/ ഫയൽ കോപ്പി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം